


# ജീവനുള്ള ദൈവം

റവ.ഫാ. ജോമി വറവുങ്കൽ MCBS (Vol. 10, Issue 20)

ഏലിയാ സ്ലീവാ മൂശാക്കാലത്തിന്റെ അവസാനത്തെ ആഴ്ചയിൽ നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗം വി. മത്തായിയുടെ സുവിശേഷം 22: 23-33 വരെയുള്ള വാക്യങ്ങളാണ്.

ഇവിടെ പുനരുദ്ധാനമില്ലെന്നു പറയുന്ന സദ്ദുക്കായർ, ഈശോയെ സമീപിച്ച് പുനരുത്ഥാനത്തിനു ശേഷം സംഭവിക്കുന്ന കാര്യങ്ങൾ ചോദിക്കുന്നു. യേശുവിന്റെ ഉത്തരം മൂന്ന് ചോദ്യങ്ങളിലൂടെയും മൂന്ന് ഉത്തരങ്ങളിലൂടെയുമായിരുന്നു.

**1. എന്തുകൊണ്ട് നീ ഈ ചോദ്യം ചോദിച്ചു?**

മോശയുടെ നിയമമല്ല, മോശയുടെ ജീവിതം പഠിച്ചിരുന്നെങ്കിൽ അവർ ഈ ചോദ്യം ചോദിക്കില്ലായിരുന്നു എന്ന് യേശു പറയുന്നു. പുറപ്പാട് പുസ്തകം 3:6-ൽ പറയുന്നു: “ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്; അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. മോശ മുഖം മറച്ചു. ദൈവത്തിന്റെ നേരെ നോക്കാൻ അവനു ഭയമായിരുന്നു.”

ഇവിടെ ദൈവഭയം നഷ്ടപ്പെട്ട മനുഷ്യൻ ദൈ വത്തോട് ചോദ്യം ചോദിക്കുന്നു. ദൈവഭയം നഷ്ടപ്പെടുമ്പോൾ സഭയോടു പോലും എതിർത്തു നിൽക്കുന്ന മനോഭാവത്തിലേയ്ക്ക് സഭാമക്കൾ തരംതാഴുന്നു. ഇവിടെ വികൃതമാകുന്നത് ദൈവത്തിന്റെ മുഖമാണ്.

**2. നിന്റെ ചോദ്യത്തിന്റെ ഉത്തരം ഇതാണ്**

അവർ ദൈവദൂതന്മാരെപ്പോലെയാണ്. ദൈവദൂതന്മാർക്ക്, ദൈവം ഏൽപ്പിച്ച കാര്യം നിർവ്വഹിച്ചതിനു ശേഷം ദൈവസന്നിധിയിലേയ്ക്ക് മടങ്ങുക എന്നതിലൊഴികെ ഒരു കടപ്പാടും ആരോടുമില്ല. തോബിത്ത് 12: 19,20 വാക്യങ്ങളിൽ നാം കാണുന്നു: “ഈ നാളുകളിലെല്ലാം ഞാൻ നിങ്ങൾക്കു നൽകിയത് ഛായാദർശനമായിരുന്നു. ഞാൻ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ ചെയ്തില്ല. നിങ്ങൾ കണ്ടത് ഒരു ദർശനം മാത്രം. ദൈവത്തിനു കൃതജ്ഞതയർപ്പിക്കുക. ഞാൻ എന്നെ അയച്ചവന്റെ അടുത്തേയ്ക്ക് മടങ്ങുകയാണ്.” ഇക്കഴിഞ്ഞ നാളുകളിൽ കേരളത്തെ പിടിച്ചുകുലുക്കിയ രോഗപീഡയായിരുന്നു നിപാ വൈ

റസ് മൂലമുള്ള നിപാ പനി. ഈ പനി പിടിച്ച് ആശുപത്രിയിൽ കിടക്കുന്ന രോഗികൾക്കിടയിൽ മാസ്ക്ധാരികളായ ഡോക്ടേഴ്സും നഴ്സുമാരും ഓടിമറയുമ്പോൾ, അവർക്കിടയിൽ മാസ്ക്ധാരിയായ ഒരു നഴ്സ് മാത്രം ഓടിമറയാതെ അവർക്കിടയിലൂടെ, അവരുടെ കാര്യങ്ങൾ അന്വേഷിച്ച് നടന്നിരുന്നു. ഈ മാലാഖയുടെ പേര് ലിനി എന്നാണ്.

കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ താനും അവരിലൊരാളായി നിപാ വൈറസ് ബാധിതയാകുമെന്ന് ഇവൾക്ക് വളരെ വ്യക്തമായി അറിയാമായിരുന്നു. എങ്കിലും, അവൾ ദൈവദൂതനെപ്പോലെ അവർക്കിടയിലൂടെ പാറിനടന്നു. അപ്പോൾ വിദേശത്തായിരുന്ന ലിനിയുടെ ഭർത്താവ് രോഗബാധിതയായ ലിനിയെ കാണുവാനായി ആശുപത്രിയിലെത്തുമ്പോൾ കണ്ണാടിക്കൂടിനുള്ളിൽ കിടക്കുന്ന ലിനിയുടെ ചുണ്ടുകൾ ഭർത്താവിനോടും കുഞ്ഞുങ്ങളോടും മന്ത്രിച്ചു: ''അച്ചായനും കുഞ്ഞുങ്ങളും സുഖമായി ജീവിക്കണം. ഞാൻ ഇവരോടൊപ്പം യാത്രയാവുകയാണ്.''

ഏതാനും ദിവസങ്ങൾക്കു ശേഷം ലോകാരോഗ്യ സംഘടന ഈ നഴ്സ്കുട്ടിയെക്കുറിച്ചു പറഞ്ഞത് 'Lini is a really human being' എന്നായിരുന്നു. ഇപ്പോഴും മരിക്കാത്ത മാലാഖയായി, ദൈവകരങ്ങളിലും ലോകമനസ്സുകളിലും അവൾ ജീവിക്കുന്നു. ഈശോ പറഞ്ഞു: ''മരിച്ചവർ ദൈവദൂതന്മാരെപ്പോലെയാണ്, അവർക്ക് മരണമില്ല.''

**3. ഇനിയൊരിക്കലും ഈ ചോദ്യം നീ ചോദിക്കരുത്.**

അവിടുന്ന് മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്. ഉത്ഥാനമില്ലാത്തവർക്ക് ഉത്ഥിതന്റെ മുമ്പിൽ എന്തു പ്രസക്തി. അവർ പത്തിയടക്കി പിന്തിരിഞ്ഞു. ഈ കഴിഞ്ഞ നാളുകളിൽ കേരളസഭയിൽ സദ്ദുക്കായരുടെ കടന്നാക്രമണം മാധ്യമരൂപത്തിൽ ആഞ്ഞടിച്ചപ്പോൾ, എറണാകുളം - കാക്കനാട് വച്ചു നടന്ന സന്യാസ-സംഗമത്തിന്റെ ഉദ്ഘാടന വേളയിൽ ബഹു. റോയി കണ്ണഞ്ചിറ CMI അച്ചന്റെ പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു. 2018-ൽ തിരുവനന്തപുരം കാര്യവട്ടം സ്റ്റേഡിയത്തിൽ വച്ചു നടന്ന ഭിന്നശേഷിയുള്ള കുട്ടികളുടെ ഒളിമ്പിക്സിൽ അതിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന അച്ചൻ കാര്യങ്ങൾ പരിശോധിക്കാനായി അതിരാവിലെ സ്റ്റേഡിയത്തിലേയ്ക്ക് വരുമ്പോൾ, തനിക്ക് എതിരെ വരുന്ന സിസ്റ്റർ തന്നെ കണ്ട് പിന്നോട്ട് ഓടുന്നതാണ് കണ്ടത്. ഓടിപ്പോകുന്ന സിസ്റ്ററിനെ അച്ചൻ കൈകൊട്ടി വിളിച്ചു. കേൾക്കാത്ത ഭാവത്തിൽ സിസ്റ്റർ മുമ്പോട്ടോടുകയാണ്. തന്റെ വിളി കേട്ട് ഒടുവിൽ സിസ്റ്റർ നിന്നു. അച്ചൻ സിസ്റ്ററിനോട് ചോദിച്ചു: ''എന്താണ് സിസ്റ്റർ, ഞാൻ വിളിച്ചിട്ടും സിസ്റ്റർ കേൾക്കാത്ത ഭാവത്തിൽ ഓടിയത്?'' തന്റെ രണ്ടു കരങ്ങളും പുറകോട്ടു പിടിച്ചു നിൽക്കുന്ന സിസ്റ്ററിനോട് അച്ചൻ വീണ്ടും ചോദിച്ചു: ''എന്താണ് കൈയ്യിൽ മറച്ചുവച്ചിരിക്കുന്നത്?'' അപ്പോൾ സിസ്റ്റർ മറുപടി പറഞ്ഞു: ''അച്ചാ, രണ്ടു കാലുകളുമില്ലാത്ത കുട്ടികളുടെ വീൽ ചെയറിലുള്ള ഓട്ടമത്സരത്തിനു വേണ്ടി എന്റെ സ്കൂളിലെ കുട്ടിയെ എടുത്ത് വീൽ ചെയറിൽ വച്ചപ്പോൾ അവൻ അറിയാതെ മോഷൻ പോയി. അത് എന്റെ തൂവാലയിൽ പൊതിഞ്ഞ് ടോയ്‌ലറ്റിൽ കളയുവാനായിട്ട് പോവുകയായിരുന്നു. അതാണ് അച്ചൻ വിളിച്ചപ്പോൾ ഞാൻ നിൽക്കാഞ്ഞത്.''

അച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇങ്ങനെയാണ്; സന്യാസത്തിന്റെ ഈ രഹസ്യങ്ങൾ ഞങ്ങൾക്ക് വെളിപ്പെടുത്താൻ താൽപര്യമില്ല. പക്ഷെ, സദ്ദുക്കായ മനോഭാവത്തോടെ ഞങ്ങളെ ക്രൂശിക്കുമ്പോൾ ക്രിസ്തു ക്രൂശിക്കപ്പെടുന്നു. അപ്പോൾ, സന്യാസത്തിൽ ഉത്ഥാനമുണ്ടെന്നും ഉത്ഥിതനാണ് ഞങ്ങളുടെ ശക്തികേന്ദ്രമെന്നും വെളിപ്പെടുത്തേണ്ടതില്ലേ?

ഏലിയാ സ്ലീവാ മൂശാക്കാലം പറയും; ജീവനുള്ളവനെ നിന്റെ ജീവിതത്തിലൂടെ നീ വെളിപ്പെടുത്തണം, ജീവൻ പിരിയുവോളം അത് നീ തുടരണം.